(ഡി) തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഏറിയ പങ്കും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു.

(ഇ-ജി) 1978 മുതൽ വാർഷിക ഗ്രാന്റ് ലഭിക്കുന്നു. 1978 മുതൽ 1994 വരെ സ്റ്റേറ്റ് റിസോഴ്സസ് സെന്ററിന് ലഭ്യമായ ഗ്രാന്റിൽ 80% കേന്ദ്ര സർക്കാരും 10% സംസ്ഥാന സർക്കാരും 5 % സന്നദ്ധ സംഘടനകളുമാണ് നൽകിയിരുന്നത്. 1994 മുതൽ 1999-2000 സാമ്പത്തിക വർഷംവരെ 25 ലക്ഷം രൂപ വാർഷിക ഗ്രാന്റായി കേന്ദ്രത്തിൽ നിന്നും സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് നേരിട്ടാണ് ലഭിക്കുന്നത് 2000-2001 മുതൽ അടുത്ത വർദ്ധനവുണ്ടാക്കുന്നതുവരെ നാൽപ്പതു ലക്ഷം രൂപ ഗ്രാന്റായി ലഭിക്കുന്നതാണ്.

റോഡ്സ് ആന്റ് ബ്രിഡ്ജ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള പണികൾ

71 (496) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഇതുവരെ ഏറ്റെടുത്തിട്ടുള്ള പണികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഏറ്റെടുത്ത പണികളുടെ പ്രവർത്തന പുരോഗതി വിശദീകരിക്കുമോ ;

(സി) വീതികുറഞ്ഞ റോഡുകൾ വീതികൂട്ടുന്ന പണി ഏറ്റെടുക്കാൻ ഈ കോർപ്പറേഷന് ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) 12 റെയിൽവേ ഓവർബ്രിഡ്ജുകളുടെ പണി കോർപ്പറേഷൻ ഏറ്റെടുത്തിട്ടുണ്ട്.

(ബി) പണികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

വില്ലേജ് റോഡുകളുടെ ടെണ്ടർ

72 (498) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിരുന്ന വില്ലേജ് റോഡുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടെണ്ടർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ റോഡുകളാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly